# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2397** **08.12.2015- ൽ മറുപടിക്ക്**

**നെയ്ത്ത് മേഖലയുടെ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.പാലോട് രവി<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നെയ്ത്ത് മേഖലയുടെ വികസനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) നെയ്ത്ത് മേഖലയുടെ വികസനത്തിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | |

സെക്ഷൻ ഓഫീസർ

**1)കൈത്തറി സംഘങ്ങൾക്കുള്ള സർക്കാരിന്റെ ഓഹരി പങ്കാളിത്ത പദ്ധതി**

കൈത്തറി സഹകരണ സംഘങ്ങളുടെ നെറ്റ് ഡിസ്പോസബിൾ വിഭവ സ്ഥിതി ഉയർത്തുന്നതിനും; പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനും വേണ്ടി ഓഹരി പങ്കാളിത്ത പദ്ധതി നടപ്പിലാക്കുന്നു.

**2)വിപണന പ്രോത്സാഹന പദ്ധതി**

കൈത്തറി മേഖലയുടെ വിപണി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലകളിൽ പ്രധാന ഫെസ്റ്റിവൽ സീസണുകളിൽ എക്സിബിഷൻ സംഘടിപ്പിക്കുന്നു. കേന്ദ്രസഹായത്തോടെ വിവിധ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ദേശീയ കൈത്തറി മേള സംഘടിപ്പിക്കുന്നു. Buyer-Seller meet സംഘടിപ്പിച്ചും കൂടുതൽ വിപണി കണ്ടെത്തുന്നു.

**3)ഷോറൂം നവീകരണ/ഷോറൂം നിർമ്മാണ പദ്ധതി**

കൈത്തറി വസ്ത്രങ്ങളുടെ വിപണി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൈത്തറി സംഘങ്ങൾക്ക് ഷോറൂം നവീകരിക്കുന്നതിനും ഷോറൂം പുതുതായി നിർമ്മിക്കുന്നതിനും ഈ പദ്ധതി വഴി ധനസഹായം നൽകുന്നു.

**4)നെയ്ത്തുപരിശീലന/വൈദഗ്ദ്യ പരിശീലന പദ്ധതി**

കൈത്തറി മേഖലയിലെ തൊഴിലാളികളുടെ അപര്യാപ്തത പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി നെയ്ത്തിൽ താൽപര്യമുള്ള പുതിയ ആൾക്കാരെ കണ്ടെത്തി, അവർക്ക് പരിശീലനം നൽകി നെയ്ത്തിന് സജ്ജരാക്കുന്നു. കഴിഞ്ഞ 4 വർഷമായി 1200 പേരെ ഈ പദ്ധതി അനുസരിച്ച് പരിശീലനം നൽകി നെയ്തിന് പ്രാപ്തരാക്കിയിട്ടുണ്ട്.

**5)നെയ്ത്തുകാർക്ക് ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ**

നെയ്ത്തുകാർക്ക് ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ വിലകുറച്ചു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കഴിനൂൽ സബ്സിഡിയും, ചായങ്ങളും രാസവസ്തുക്കളും നൽകുന്നതിനായി ഹാങ്ക്യാൺ സബ്സിഡി എന്ന പദ്ധതി നടപ്പിലാക്കുന്നു.

**6)ഹാന്റെക്സ്/ഹാൻവീവ് ശാക്തീകരണ പരിപാടി**

ഹാന്റെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകികൊണ്ട് ശാക്തികരിക്കുന്നതിനായുള്ള പദ്ധതിയാണിത്. ഹാന്റക്സിനു കഴിഞ്ഞ നാല് വർഷം ഷെയർ പാർട്ടിസിപ്പേഷൻ ഇനത്തിൽ 22.50 കോടി രൂപയും ഹാൻവീവിനു 14.92 കോടി രൂപയും നൽകി.

## 7)കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് പദ്ധതി

നെയ്ത്തുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ചികിൽസാ ചെലവുകൾ, വിദ്യാഭ്യാസ ചെലവുകൾ എന്നിവയ്ക്ക് സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി നടത്തുന്ന പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം നെയ്ത്തുകാരുടെ കൂലിയുടെ 8% തുകയും സർക്കാർ വിഹിതമായി അത്രയും തന്നെ തുകയും ഫണ്ടിലേക്ക് നിക്ഷേപിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

## 8)മൂല്യവർദ്ധിത, അധിക മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി

നെയ്ത്തുകാരന് കൂടുതൽ വേതനം ലഭിക്കണം എന്ന ലക്ഷ്യത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ അധിക മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി മെഷിനറി വാങ്ങുന്നതിനും, ഡിസൈൻ ഡെവലപ്മെൻറിനും പരിശീലനത്തിനുമായി സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകുന്നു. കൈത്തറി ഉല്പന്നങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് ഏറെ ഉപകാരപ്രദമായ പദ്ധതിയാണിത്.

## 9)വർക്ക്ഷെഡുകളുടെ നവീകരണം പദ്ധതി

സാമ്പത്തിക സഹായം നൽകി സംഘങ്ങളുടെയും നെയ്ത്തുകാരുടെയും വർക്ക്ഷെഡുകൾ നവീകരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പദ്ധതിയാണിത്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 63 സൊസൈറ്റികളുടെ വർക്ക്ഷെഡും 1000 നെയ്ത്തുകാരുടെ വീടിനോടനുബന്ധിച്ച ഷെഡ്ഡുകളുടെയും നവീകരണം നടത്തി.

## 10)ഡൈ ഹൗസ് നവീകരണ പദ്ധതി

ഡൈയിംഗ് മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പദ്ധതിയാണിത്. കഴിഞ്ഞ വർഷം 16 ഡൈ ഹൗസ് നവീകരിക്കുന്നതിനായി 47 ലക്ഷം സഹായം നൽകി.

## 11)കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി

പീഡിത കൈത്തറി സംഘങ്ങളെ പുനരുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ സംഘങ്ങളുടെ ഇ.പി.എഫ്, ഇ.എസ്.ഐ കുടിശ്ശിക തീർക്കുന്നതിനും, പ്രവർത്തന മൂലധനത്തിനും, ഡിസൈൻ വികസനത്തിനുമായും ഈ പദ്ധതി അനുസരിച്ചു സഹായം നൽകുന്നു.

## 12)വിദഗ്ധ നെയ്ത്തുകാർക്ക് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം.

വിദഗ്ധ നെയ്ത്തുകാരെ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെ ബാങ്ക് വായ്പാ സഹായത്തോടെ വിദഗ്ധ നെയ്ത്തുകാർക്ക് കുറഞ്ഞത് 10 തറികൾ ഉൾപ്പെടുന്ന ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായിക്കുന്നു.

## 13)നെയ്ത്തുകാർക്കു പ്രചോദന പരിപാടി.

നെയ്ത്തുകാരുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതു വഴി, കൂടുതൽ വേതനം ലഭിക്കുക എന്ന ലക്ഷ്യവുമായി പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന പദ്ധതി 2012-13 വർഷം മുതൽ നടപ്പിലാക്കി. ഇതനുസരിച്ച് ഒരു നെയ്ത്തുകാരന് സ്റ്റാൻന്റേർഡ് മീറ്ററേജിൽകൂടു

തൽ നെയ്യുകയാണെങ്കിൽ കൂടുതലായി നെയ്യുന്ന മീറ്ററിന് നിലവിലുള്ള വേതനത്തിന്റെ രണ്ടിരട്ടി വേതനം നൽകിവരുന്നു.

14)കൈത്തറി വസ്ത്രങ്ങളുടെ പ്രചരണ പരിപാടി

കൈത്തറി വസ്ത്രം ധരിക്കുന്നതിന് കൂടുതൽ പേരെപ്രേരിപ്പിക്കുന്നതിനും അതുവഴി കൈത്തറി വസ്ത്രത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനുമായി പത്ര, ദൃശ്യമാധ്യമങ്ങളുടെ വ്യാപകമായ പ്രചാരണ പരിപാടികൾ നടത്തുന്നു.

15)സ്കൂൾ കുട്ടികൾക്കായി ചിത്ര രചനാ മത്സര പരിപാടി

കൈത്തറിയുടെ പ്രചരണാർത്ഥം ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമായി 1 മുതൽ 10 വരെ പഠിക്കുന്ന കുട്ടികൾക്കായി പെയിന്റിംഗ് കോമ്പറ്റിഷൻ നടത്തുന്നു. പരിപാടിയാണിത്. ഇത് സ്കൂൾ കുട്ടികളിലും അധ്യാപകരിലും കൈത്തറിയെപ്പറ്റി അവബോധം ഉണ്ടാക്കാൻ കഴിയുന്നു,

16)സ്വയം തൊഴിൽ പദ്ധതി

അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കു പ്രത്യേകിച്ച്, ടെക്സ്റ്റൈൽ ടെക്നോളജിയിൽ ഡിപ്ലോമയുള്ളവർക്ക് സ്വന്തമായി സംരംഭം തുടങ്ങുന്നതിനും, പുതിയ തലമുറയിലെ സംരംഭകരെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ സ്വന്തം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നു.

17)ഇൻകം സപ്പോർട്ട് പദ്ധതി:

150 രൂപ മിനിമം വേജസ് ആയി ഒരു നെയ്ത്തുകാരനു/അനുബന്ധ തൊഴിലാളിക്കു ലഭിക്കുമെന്നുറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി എല്ലാ വർഷവും നടത്തിവരുന്നു.

18)ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി

കൈത്തറി മേഖലയിൽ കൂടുതൽ ആകർഷകമായ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുക, ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൈത്തറി സംഘങ്ങൾക്ക് ഡോബി, ജക്കാർഡ്, പെഡൽ ലൂം, ന്യൂമാറ്റിക് സിസ്റ്റം, ടേക്ക് അപ്ലെറ്റ് ഓഫ് മോഷൻ, ഹൈഡ്രോ എക്സ്ട്രാക്റ്റർ, സ്പൂൾ വാർപ്പിംഗ് മെഷീൻ, ഹൈഡ്രോളിക് പ്രെസ്സിംഗ് മെഷീൻ, ക്യാബിനറ്റ് ഡൈയിംഗ് മെഷീൻ മുതലായവ വാങ്ങുന്നതിനായി സഹായം നൽകുന്നു.

19)വീവേഴ്സ് ക്രഡിറ്റ് കാർഡ് വിതരണ പരിപാടി

നെയ്ത്തുകാരന് നെയ്ത്ത് ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രവർത്തന മൂലധനത്തിനുമായി 2 ലക്ഷം രൂപ വരെ പൊതുമേഖലാ ബാങ്കിൽ നിന്ന് വായ്പ ലഭിക്കുന്നതിനു സഹായിക്കുന്ന പദ്ധതിയാണിത്.

20)റിബേറ്റ്

കൈത്തറി മേഖലയിലെ തൊഴിലാളികൾ നിർമിക്കുന്ന ഉൽപന്നങ്ങൾക്ക് പരമാവധി വിൽപന ലഭിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉത്സവ സീസണുകളിൽ കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് അവർ വിൽപ്പന നടത്തുന്ന കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനക്ക് 20% റിബേറ്റ് നൽകുന്നു.

**സെക്ഷൻ ഓഫീസർ**